"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

2024-25 വർഷത്തെ വിവിധ ഉത്സവ കാലയളവുകളിലും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലും കൈത്തറി തുണിത്തരങ്ങളുടെ റിബേറ്റ് വിൽപന ദിനങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.476/2024/ID തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-

1. 17/05/2022 തീയതിയിലെ സ.ഉ(സാധാ)നം.440/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്
2. 18/05/2023 തീയതിയിലെ സ.ഉ(സാധാ)നം.415/2023/വ്യവ നമ്പർ സർക്കാർ ഉത്തരവ്
3. കൈത്തറി ഡയറക്ടറുടെ 01/03/2024, 20/03/2024 തീയതി കളിലെ എച്ച്.എൽ/11/2024-സി7 നമ്പർ കത്തുകൾ

**ഉത്തരവ്**

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, അപ്പക്സ് സ്ഥാപനങ്ങളായ ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കായി, 2024-25 സാമ്പത്തിക വർഷത്തിലെ വിവിധ റിബേറ്റ് ദിനങ്ങൾ നിശ്ചയിക്കേണ്ടതിനാൽ അതിലേയ്ക്കായുള്ള അപേക്ഷ പരാമർശം(3) പ്രകാരം കൈത്തറി ഡയറക്ടർ സമർപ്പിക്കുകയും 2024-25 സാമ്പത്തിക വർഷത്തെ വിവിധ ഉത്സവകാലയളവുകളിലേയ്ക്ക് 41 ദിവസം 20% റിബേറ്റിനും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേക്ക് 15 ദിവസത്തേക്ക് 30% റിബേറ്റും കൈത്തറി തുണിത്തരങ്ങളുടെ വിൽപനയ്ക്കായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുക യുമുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപനയ്ക്ക്, 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റും ഉൾപ്പെടെ ആകെ 56 ദിവസത്തേയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന പട്ടികയും നിബന്ധനകളും പ്രകാരം റിബേറ്റ് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉത്സവ കാലയളവിന്റെ പേര് | റിബേറ്റ് ദിനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | റംസാൻ & വിഷു | 13 | **01.04.2024** മുതൽ **13.04.2024** വരെ (10/04/2024 ഒഴികെ) |
| 3 | ഓണം | 23 | **23.08.2024** മുതൽ **14.09.2024** വരെ |
| 4 | ക്രിസ്തുമസ് | 5 | **20.12.2024** മുതൽ **24.12.2024** വരെ |
| | | | |

| | | | |
|---|---|---|---|
| 5 | സ്കൂൾ യൂണിഫോം (15 ദിനങ്ങൾ) | 2 | 27.05.2024 മുതൽ 28.05.2024 വരെ |
| | | 5 | 24.06.2024 മുതൽ 28.06.2024 വരെ |
| | | 5 | 22.07.2024 മുതൽ 26.07.2024 വരെ |
| | | 3 | 26.09.2024 മുതൽ 28.09.2024 വരെ |
| | **ആകെ** | **56 ദിനങ്ങൾ** | |

i. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ നിലവിൽ പ്രവർത്തിച്ചുവരുന്നതും ഉല്പാദനമുള്ളതുമായ സംഘങ്ങൾക്ക് മാത്രമേ റിബേറ്റ് സ്കീമിന് അർഹതയുണ്ടായിരിക്കുകയുള്ളു. (സംഘങ്ങളുടെ പേരുവിവരപട്ടിക അനുബന്ധമായി ചേർക്കുന്നു).

ii. പ്രദർശന വില്പനമേളകൾ കൈത്തറി ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ മാത്രമേ സംഘടിപ്പിക്കാവൂ. ഈ മേളകളിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടമുണ്ടാവേണ്ടതാണ് ഇത്തരം മേളകളിലെയും വിൽപ്പന കേന്ദ്രങ്ങളിലെയും ഓപ്പണിങ് സ്റ്റോക്ക് ക്ലോസിങ് സ്റ്റോക്ക്, ഓപ്പണിങ് ബിൽ നമ്പർ, ക്ലോസിങ് ബിൽ നമ്പർ, ബിൽ ബുക്ക് നമ്പർ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

iii. അന്യസംസ്ഥാന കൈത്തറി ഉൽപ്പന്നങ്ങൾ ഈ സ്കീമിന് കീഴിൽ വിറ്റഴിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം ഉൽപ്പന്നങ്ങൾ സ്റ്റോക്കിലുള്ള സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധന നടത്തേണ്ടതുമാണ്. ഇത്തരം സ്റ്റോക്ക് മുൻകൂർ ഡിക്ലയർ ചെയ്യുന്നതിന് വ്യവസ്ഥയുണ്ടാവേണ്ടതാണ്.

iv. ഓരോ റിബേറ്റ് സീസണ് ശേഷവും അർഹമായ സ്ഥാപനങ്ങൾ റിബേറ്റ് സ്കീമിൽ നടത്തിയ വില്പനയുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന വിശദമായ റിപ്പോർട്ട്, കൈത്തറി ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ സ്ഥാപനങ്ങളുടെ റിബേറ്റ് സ്കീമിന് കീഴിൽ സഹായത്തിനുള്ള അർഹത.

v. റിബേറ്റ് തുക നേരിട്ട് നെയ്ത്തുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്

(3) പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ ഖണ്ഡിക 2, ഇനം (iv) പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കിയതിനു ശേഷം മാത്രമേ പ്രസ്തുത സ്ഥാപന ങ്ങൾക്ക് റിബേറ്റ് സ്കീമിന് കീഴിൽ ധനസഹായം അനുവദിക്കുകയുള്ളൂവെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഹാൻവീവ്, കണ്ണൂർ

മാനേജിംഗ് ഡയറക്ടർ, ഹാന്റക്സ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജീ&എസ്.എസ്.എ), കേരള

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ(ഐ&പി.ഡബ്യൂ.എ) വകുപ്പ് (E 2411140/I & PW-A3/40/2023-Fin പ്രകാരം)

വിവര-പൊതുജനസമ്പർക്കവകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 19-06-2024 17:21:11

പകർപ്പ് - ബഹു.വ്യവസായ വകുപ്പുമന്ത്രിയുടെ പി.എസിന്

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

വ്യവസായ വകുപ്പ് അണ്ടർസെക്രട്ടറിയ്ക്ക്